പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2224 **27-10-2026-ൽ മറുപടിയ്ക്ക്**

സൈ-ഹണ്ട് പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. സിറിയക് തോമസ്

മറുപടി നൽകിയ മന്ത്രി

ശ്രീ. രമേശ് ചെന്നിത്തല

(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ഓപ്പറേഷൻ സൈ-ഹണ്ട് പദ്ധതിയുടെ ഭാഗമായി സൈബർ തട്ടിപ്പ് സംഘങ്ങൾ ഉപയോഗിക്കുന്ന മൂൾ ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തുന്നതിനും അത്തരം അക്കൗണ്ടുകൾ നിർജീവമാക്കുന്നതിനും പോലീസ് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

മറുപടി: ഓപ്പറേഷൻ സൈ-ഹണ്ട് ഉൾപ്പെടെയുള്ള പ്രത്യേക പരിശോധനാ ഡ്രൈവുകളുടെ ഭാഗമായി, സൈബർ തട്ടിപ്പുകളുമായി ബന്ധപ്പെട്ട മൂൾ അക്കൗണ്ടുകൾ കണ്ടെത്തുന്നതിനും അവ ഉപയോഗിക്കുന്ന അക്കൗണ്ട് ഉടമകളെ തിരിച്ചറിയുന്നതിനും പ്രത്യേക ഊന്നൽ നൽകുന്നു. അക്കൗണ്ടുകളിലൂടെ നടന്ന സാമ്പത്തിക ഇടപാടുകൾ, പണം പിൻവലിച്ച രീതികൾ, അക്കൗണ്ട് ഉടമകളുടെ പങ്ക്, മറ്റ് ബന്ധപ്പെട്ട അക്കൗണ്ടുകളുമായുള്ള ബന്ധം എന്നിവ പരിശോധിച്ച് നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുന്നു.

നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിൽ (NCRP) രജിസ്റ്റർ ചെയ്തിട്ടുള്ള സാമ്പത്തിക സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പരാതികളിലെ ഇരകളുടെ ബാങ്ക് അക്കൗണ്ടുകളിൽനിന്ന് പണം കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള അക്കൗണ്ടുകളുടെ വിവരങ്ങൾ വിശകലനം ചെയ്ത് പണം ആദ്യം കൈമാറിയ അക്കൗണ്ടുകൾ (Layer -1), തുടർന്നുള്ള കൈമാറ്റങ്ങളിലൂടെ പണം എത്തിയ അക്കൗണ്ടുകൾ (Layer -2, Layer -3) എന്നിവയുടെ ഇടപാട് ശൃംഖല പരിശോധിച്ച് സംശയാസ്പദമായ മൂൾ അക്കൗണ്ടുകൾ കണ്ടെത്തുന്നു. ഒന്നിലധികം സൈബർ തട്ടിപ്പ് പരാതികളിൽ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്ന ബാങ്ക് അക്കൗണ്ടുകൾ, വിവിധ പരാതികളിലെ പണമിടപാടുകളുമായി ബന്ധമുള്ള അക്കൗണ്ടുകൾ, തട്ടിപ്പിലൂടെ ലഭിച്ച പണം എ.ടി.എം മുഖേനയോ ചെക്കുകൾ മുഖേനയോ പിൻവലിക്കുന്ന അക്കൗണ്ടുകൾ എന്നിവ പ്രത്യേകമായി പരിശോധിച്ച് ലഭ്യമായ തെളിവുകളുടെയും ഇടപാട് വിവരങ്ങളുടെയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നു. NCRP പരാതികളുടെ അന്വേഷണത്തിനിടെ സൈബർ തട്ടിപ്പുമായി ബന്ധമുള്ളതായി കണ്ടെത്തുന്ന ബാങ്ക് അക്കൗണ്ടുകൾ സംബന്ധിച്ച് ബന്ധപ്പെട്ട ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും ഉടൻ നോട്ടീസുകളും അഭ്യർഥനകളും അയച്ച് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിനും തുടർ സാമ്പത്തിക ഇടപാടുകൾ തടയുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദേശം നൽകുന്നു. പണം തുടർ

അക്കൗണ്ടുകളിലേക്ക് കൈമാറ്റം ചെയ്യുന്നത് തടയുന്നതിനും ഇരകളുടെ പണം വീണ്ടെടുക്കുന്നതിനുള്ള സാധ്യത വർധിപ്പിക്കുന്നതിനും ഈ നടപടി സഹായിക്കുന്നു.

(ബി) സംസ്ഥാനത്ത് സൈബർ തട്ടിപ്പുകൾക്കായി ഉപയോഗിക്കുന്ന മ്യൂൾ ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തുന്നതിനായി ബാങ്കുകൾ, സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം, മറ്റ് ബന്ധപ്പെട്ട ഏജൻസികൾ എന്നിവയുമായി ഏകോപിത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

മറുപടി: ഉണ്ട്. സംസ്ഥാനത്ത് സൈബർ തട്ടിപ്പുകൾക്കായി ഉപയോഗിക്കുന്ന മ്യൂൾ ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനുമായി സൈബർ ഡിവിഷൻ, സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ, ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ (FIS), മറ്റ് ബന്ധപ്പെട്ട അന്വേഷണ ഏജൻസികൾ എന്നിവ തമ്മിൽ ഏകോപിത സംവിധാനം നിലവിലുണ്ട്. സൈബർ തട്ടിപ്പ് പരാതികളുമായി ബന്ധപ്പെട്ട് സംശയാസ്പദമായ ബാങ്ക് അക്കൗണ്ടുകൾ കണ്ടെത്തുകയും സൈബർ ഡിവിഷനും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളും, ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും നോട്ടീസുകളും അഭ്യർഥനകളും അയച്ച് അത്തരം അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിനും - തുടർ സാമ്പത്തിക ഇടപാടുകൾ തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ, ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും അവരുടേതായ നിരീക്ഷണ സംവിധാനങ്ങളിലൂടെ സംശയാസ്പദമായ ഇടപാടുകളും മ്യൂൾ അക്കൗണ്ടുകളും തിരിച്ചറിയുന്നതിനും ബാധകമായ ചട്ടങ്ങളും നടപടിക്രമങ്ങളും അനുസരിച്ച് ആവശ്യമായ നിയന്ത്രണ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. NCRP പരാതികളിലെ സാമ്പത്തിക ഇടപാടുകളുടെ വിശകലനത്തിലൂടെ കണ്ടെത്തുന്ന മ്യൂൾ അക്കൗണ്ടുകളുടെയും അവയുമായി ബന്ധപ്പെട്ട പണമൊഴുക്കിന്റെയും വിവരങ്ങൾ ബന്ധപ്പെട്ട ബാങ്കുകൾക്കും ധനകാര്യ സ്ഥാപനങ്ങൾക്കും കൈമാറി തുടർനടപടികൾ ഏകോപിപ്പിക്കുകയും, ഇത്തരം അക്കൗണ്ടുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ ആവശ്യാനുസരണം മറ്റ് സംസ്ഥാനങ്ങളിലെ പോലീസ് സംവിധാനങ്ങളുമായും ബന്ധപ്പെട്ട അന്വേഷണ ഏജൻസികളുമായും പങ്കുവെച്ച് അന്തർസംസ്ഥാന തലത്തിലുള്ള ഏകോപനവും അന്വേഷണവും ഉറപ്പാക്കുകയും ചെയ്യുന്നു. ഓപ്പറേഷൻ സൈ-ഹണ്ട് ഉൾപ്പെടെയുള്ള പ്രത്യേക പരിശോധനാ ഡ്രൈവുകളുടെ ഭാഗമായി, മ്യൂൾ അക്കൗണ്ടുകൾ കണ്ടെത്തുക, അവയുടെ ഉപയോഗത്തിലൂടെ നടക്കുന്ന സാമ്പത്തിക തട്ടിപ്പുകൾ തടയുക, അക്കൗണ്ടുകൾ ഉപയോഗിക്കുന്ന വ്യക്തികളെ തിരിച്ചറിയുക, കുറ്റകൃത്യത്തിൽ പങ്കുള്ളവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുക എന്നിവയ്ക്കായി ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, മറ്റ് ബന്ധപ്പെട്ട ഏജൻസികൾ എന്നിവയുമായി സഹകരിച്ച് തുടർനടപടികൾ സ്വീകരിച്ചവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി കണ്ടെത്തിയ മ്യൂൾ ബാങ്ക് അക്കൗണ്ടുകളുടെ എണ്ണം, മരവിപ്പിച്ച അക്കൗണ്ടുകളുടെ എണ്ണം, തടഞ്ഞുവെച്ച തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണോ; വ്യക്തമാക്കാമോ;

മറുപടി: ലഭ്യമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

Cy Hunt	കണ്ടെത്തിയ മ്യൂൾ ബാങ്ക് അക്കൗണ്ടുകളുടെ എണ്ണം	മരവിപ്പിച്ച അക്കൗണ്ടുകളുടെ എണ്ണം	തടഞ്ഞുവെച്ച തുക (in crore)
Grant Total	6,251	6,251	254.73

(ഡി) മ്യൂൾ ബാങ്ക് അക്കൗണ്ടുകൾ വഴി പണം കൈമാറുന്ന സൈബർ തട്ടിപ്പ് സംഘങ്ങളിലെ മുഖ്യപ്രതികളെ കണ്ടെത്തുന്നതിനും അവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനും പ്രത്യേക അന്വേഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

മറുപടി: ഉണ്ട്. മ്യൂൾ ബാങ്ക് അക്കൗണ്ടുകൾ വഴി പണം കൈമാറ്റം ചെയ്യുന്ന സൈബർ തട്ടിപ്പ് സംഘങ്ങളിലെ മുഖ്യപ്രതികളെയും മറ്റ് കണ്ണികളെയും കണ്ടെത്തുന്നതിനും അവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനുമായി നിലവിലുള്ള സൈബർ കുറ്റാന്വേഷണ സംവിധാനത്തിന്റെ ഭാഗമായി പ്രത്യേക ശ്രദ്ധയോടെയുള്ള അന്വേഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) പൊതുജനങ്ങളെ മ്യൂൾ ബാങ്ക് അക്കൗണ്ടുകളുടെ ദുരുപയോഗത്തെക്കുറിച്ച് ബോധവൽക്കരിക്കുന്നതിനും പണം ലഭിക്കുന്നതിനായി സ്വന്തം ബാങ്ക് അക്കൗണ്ടുകൾ മറ്റുള്ളവർക്ക് കൈമാറുന്ന പ്രവണത തടയുന്നതിനും സൈ-ഹണ്ട് പദ്ധതിയുടെ ഭാഗമായി പ്രചാരണപരിപാടികൾ നടപ്പാക്കുമോ; വ്യക്തമാക്കാമോ?

മറുപടി: ഓപ്പറേഷൻ സൈ-ഹണ്ട് പദ്ധതിയുടെ ഭാഗമായി മ്യൂൾ ബാങ്ക് അക്കൗണ്ടുകളുടെ ദുരുപയോഗത്തെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനും പണം ലഭിക്കുന്നതിനായി സ്വന്തം ബാങ്ക് അക്കൗണ്ടുകൾ മറ്റുള്ളവർക്ക് കൈമാറുന്നതും വാടകയ്ക്ക് നൽകുന്നതും തടയുന്നതിനുമായി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതാണ്. പണം ലഭിക്കുന്നതിനായി സ്വന്തം ബാങ്ക് അക്കൗണ്ടുകൾ മറ്റുള്ളവർക്ക് കൈമാറുന്നതും വാടകയ്ക്ക് നൽകുന്നതും, എ.ടി.എം. കാർഡുകൾ, ചെക്കുകൾ, ഇന്റർനെറ്റ് ബാങ്കിംഗ് വിവരങ്ങൾ, UPI സൗകര്യങ്ങൾ എന്നിവ ദുരുപയോഗം ചെയ്യാൻ അനുവദിക്കുന്നതും സൈബർ തട്ടിപ്പുകളിൽ പങ്കാളികളാകുന്നതിനും നിയമനടപടികൾ നേരിടുന്നതിനും ഇടയാക്കാമെന്ന് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നു. സൈബർ ഡിവിഷൻ, ജില്ലാ പോലീസ് സംവിധാനങ്ങൾ, സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ എന്നിവയുടെ ഏകോപനത്തിൽ സാമൂഹിക മാധ്യമങ്ങൾ, പത്ര-ദൃശ്യ മാധ്യമങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ, പൊതുജന സമ്പർക്ക പരിപാടികൾ എന്നിവയിലൂടെ ഇത്തരം സന്ദേശങ്ങൾ പ്രചരിപ്പിച്ച് മ്യൂൾ അക്കൗണ്ടുകളുടെ വ്യാപനവും ദുരുപയോഗവും തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ